## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ഡോ.അമിത് മല്ലിക് ഐ.എഫ്.എസ്.

വിഷയം :- വനം വകുപ്പ് - ജീവനക്കാര്യം - പുതുതായി രൂപീകരിച്ച ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് പുതുതായി സൃഷ്ടിച്ച തസ്തികകൾ വിന്യസിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 26.05.2018-ലെ G.O.(M.S) 212/2018/F&WLD നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ7-26303/18 തീയതി 24-07-2018**

വനം വന്യജീവി വകുപ്പിലെ വിവിധ ഡിവിഷനുകളിലായി പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചുകൊണ്ട് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്റ്റേഷനുകളിലേക്ക് പുതുതായി സൃഷ്ടിച്ച 10 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 40 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 29 ബീറ്റ് ഫോറസ്റ്റ് ഓഫീസർ, 10 ഡ്രൈവർ, 10 പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകൾ ചുവടെപ്പറയും പ്രകാരം വിന്യസിച്ചുകൊണ്ട് ഉത്തരവാകുന്നു.

വിന്യസിച്ച തസ്തികകളുടെ വിവരം

| ക്രമ നം. | പുതുതായി സൃഷ്ടിച്ച ഫോറസ്റ്റ് സ്റ്റേഷൻ | ഡിവിഷൻ | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | ഡ്രൈവർ | പാർട്ട് ടൈം സ്വീപ്പർ |
|---|---|---|---|---|---|---|---|
| 1 | പുന്നല | പുനലൂർ | 1 | - | - | 1 | 1 |
| 2 | ഏഴംകുളം | പുനലൂർ | - | - | 1 | 1 | 1 |
| 3 | കുടമാൻപാറ | തെന്മല | - | - | - | 1 | 1 |
| 4 | കുംഭാവുരുട്ടി | അച്ചൻകോവിൽ | 1 | - | 5 | 1 | 1 |
| 5 | കക്കയം | കോഴിക്കോട് | 1 | 2 | 3 | 1 | 1 |
| 6 | പെരുവണ്ണാമൂഴി | കോഴിക്കോട് | - | 1 | 2 | 1 | 1 |
| 7 | പുൽപ്പള്ളി | സൗത്ത് വയനാട് | 1 | 1 | - | 1 | 1 |
| 8 | വൈത്തിരി | സൗത്ത് വയനാട് | 1 | 1 | 2 | 1 | 1 |
| 9 | മുണ്ടക്കായ് | സൗത്ത് വയനാട് | 1 | 2 | 2 | 1 | 1 |
| 10 | നരിക്കടവ് | ആറളം വൈൽഡ് ലൈഫ് | 1 | 2 | 14 | 1 | 1 |

മേൽ പട്ടിക പ്രകാരം വിന്യസിച്ച 7 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾക്ക് പുറമേ ശേഷിക്കുന്ന 3 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സതേൺ, സെൻട്രൽ, നോർത്തേൺ സർക്കിളുകളിലേക്ക് ഫോറസ്റ്റ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ചുവടെപ്പറയും പ്രകാരം വിന്യസിക്കുന്നു.

| ക്രമ നം. | ഓഫീസ് | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ |
|---|---|---|
| 1 | വെങ്കൊല്ല ഫോറസ്റ്റ് സ്റ്റേഷൻ, തിരുവനന്തപുരം ഡിവിഷൻ, സതേൺ സർക്കിൾ | 1 |
| 2 | മുക്കംപുഴ ഫോറസ്റ്റ് സ്റ്റേഷൻ, വാഴച്ചാൽ ഡിവിഷൻ, സെൻട്രൽ സർക്കിൾ | 1 |
| 3 | എസ്റ്റേറ്റ് ഓഫീസ്, വനശ്രീ കോംപ്ലക്സ്, മാത്തോട്ടം, നോർത്തേൺ സർക്കിൾ | 1 |

മേൽ പട്ടിക പ്രകാരം വിന്യസിച്ച 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകൾക്ക് പുറമേ ശേഷിക്കുന്ന 31 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സതേൺ, നോർതേൺ സർക്കിളുകളുടെ പരിധിയിലുള്ള വിവിധ ഡിവിഷൻ ഓഫീസുകളിലെ സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും അതോടൊപ്പം വന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ആവശ്യമാണ്. ഈ സാഹചര്യത്തിൽ മേൽപരാമർശിച്ച 31 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സതേൺ, നോർത്തേൺ സർക്കിളുകളിലേക്ക് ചുവടെപ്പറയും പ്രകാരം വിന്യസിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഓഫീസ് | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ |
|---|---|---|
| | **സതേൺ സർക്കിൾ** | |
| 1. | ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ | 3 |
| 2. | അച്ചൻകോവിൽ ഡിവിഷൻ | 2 |
| 3. | തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ | 2 |
| 4. | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ | 3 |
| 5. | ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ തിരുവനന്തപുരം | 1 |
| 6. | ഫോറസ്റ്റ് ഇന്റലിജൻസ് സെൽ | 2 |
| 7. | എസ്റ്റേറ്റ് ഓഫീസ്, തിരുവനന്തപുരം | 1 |
| 8. | തിരുവനന്തപുരം ഡിവിഷൻ | 2 |
| | **നോർത്തേൺ സർക്കിൾ** | |
| 9. | വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ | 4 |
| 10. | കാസർഗോഡ് ഡിവിഷൻ | 3 |
| 11. | സൗത്ത് വയനാട് ഡിവിഷൻ | 3 |
| 12. | കോഴിക്കോട് ഡിവിഷൻ | 4 |
| 13. | ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ, കണ്ണൂർ | 1 |

മേൽ വിവരിച്ച പ്രകാരം പുതുതായി അനുവദിച്ച ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികൾ ഉദ്യോഗക്കയറ്റത്തിലൂടെയും, ഉദ്യോഗക്കയറ്റത്തിന്റെ ഭാഗമായുണ്ടാകുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളും പുതുതായി സൃഷ്ടിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളും, 10 ഡ്രൈവർ തസ്തികകളും, പി.എസ്.സി മുഖേന നികത്തുന്നതിനും, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുവാനും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായ ഡോ.അമിത് മല്ലിക് ഐ.എഫ്.എസ്. എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ്

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം/ (നോർത്തേൺ സർക്കിൾ), കണ്ണൂർ എന്നിവർക്ക് നൽകുന്നു. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികയിൽ സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തേണ്ടതാണ്.

2 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല/ കോഴിക്കോട്/ നോർത്ത് വയനാട്/കണ്ണൂർ എന്നിവർക്ക് നൽകുന്നു. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ ഡ്രൈവർ/ പാർട്ട്ടൈം സ്വീപ്പർ തസ്തികകളൽ പി.എസ്.സി/ എംപ്ലോയ്-മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതാണ്.

3. ഇ4 സെക്ഷന് നൽകുന്നു. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റാഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നിപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഇ4 സെക്ഷന് അറിവിനായി നൽകുന്നു

5. സ്റ്റോക്ക് ഫയൽ

6.